പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ഹയർ സെക്കന്ററി വിഭാഗം, ഹൗസിംഗ് ബോർഡ് ബിൽഡിംങ്സ്, ശാന്തിനഗർ, തിരുവനന്തപുരം.
E-mail: dhsefinb@gmail.com
Ph : 0471 2320928

**നം.ഫിൻ.ബി4/121802/2018/എച്ച്എസ്ഇ** **തീയതി : 17/11/2022**

# പരിപത്രം – 04/2022/ഫിൻ

വിഷയം : **പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കന്ററി വിഭാഗം - പ്രിസം (PRISM – Pensioner's Information System) മുഖേനയുള്ള പെൻഷൻ അപേക്ഷകളുടെ തീർപ്പാക്കലിനായി പൊതുവിദ്യാഭ്യാസ(ഹയർ സെക്കന്ററി) വകുപ്പിലെ വിവിധ തസ്തികയിലുള്ള ഉദ്യോഗസ്ഥരെ റിസീവിംഗ് അതോറിറ്റി, പെൻഷൻ സാങ്ഷനിംഗ് അതോറിറ്റി എന്നീ ചുമതലകൾ നൽകി ഉത്തരവായത് - അറിവിലേക്കായി** നൽകുന്നത് - സംബന്ധിച്ച്.

സൂചന : 17/08/2022 തീയതിയിലെ ധനകാര്യ (പ്രിസം) വകുപ്പിൽ നിന്നുള്ള സ.ഉ(സാധാ) നം.5854/2022/ധന നമ്പർ സർക്കാർ ഉത്തരവ്.

പ്രിസം മുഖേനയുള്ള പെൻഷൻ അപേക്ഷകളുടെ തീർപ്പാക്കലിനായി പൊതുവിദ്യാഭ്യാസ (ഹയർ സെക്കന്ററി വിഭാഗം) വകുപ്പിലെ വിവിധ തസ്തികയിലുള്ള ഉദ്യോഗസ്ഥരെ റിസീവിംഗ് അതോറിറ്റി, പെൻഷൻ സാങ്ഷനിംഗ് അതോറിറ്റി എന്നീ ചുമതലകൾ നൽകി കൊണ്ട് സൂചന പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഡയറക്ടറേറ്റ് ഉൾപ്പെടെയുള്ള പൊതുവിദ്യാഭ്യാസ (ഹയർ സെക്കന്ററി വിഭാഗം) വകുപ്പിലെ എല്ലാ കാര്യാലയങ്ങളുടെയും എല്ലാ ഹയർ സെക്കന്ററി സ്കൂളുകളുടെയും ഉദ്യോഗസ്ഥരുടെയും അറിവിലേക്കും തുടർ നടപടികൾക്കുമായി **സൂചനാ ഉത്തരവ് ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് പ്രസിദ്ധപ്പെടുത്തുന്നു.**

ഉള്ളടക്കം : സൂചന സർക്കാർ ഉത്തരവ്

**സീനിയർ ഫിനാൻസ് ഓഫീസർ**
(പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി)

പകർപ്പ് :-

1). എല്ലാ സർക്കാർ /എയിഡഡ് എച്ച് എസ്.എസ് പ്രിൻസിപ്പാൾമാർക്കും
2). എല്ലാ ഹയർ സെക്കന്ററി വിഭാഗം മേഖലാ ഉപമേധാവിമാർ
3). പൊതുവിദ്യാഭ്യാസ ഡയറക്ടർ ( സി.എ മുഖാന്തിരം)
4). സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ( സി.എ മുഖാന്തിരം)
5). വെബ് സൈറ്റ്

**കേരള സർക്കാർ**

**സംഗ്രഹം**

പ്രിസം - പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കൻഡറി - പ്രിസം മുഖേനയുള്ള പെൻഷൻ അപേക്ഷകളുടെ തീർപ്പാക്കലിനായി വിവിധ തസ്തികയിലുള്ള ഉദ്യോഗസ്ഥരെ റിസീവിംഗ് അതോറിറ്റി, പെൻഷൻ സാങ്ഷനിംഗ് അതോറിറ്റി എന്നിങ്ങനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പ്രിസം) വകുപ്പ്**

**സ.ഉ.(സാധാ) നം. 5854/2022/ധന.** **തീയതി, തിരുവനന്തപുരം, 17/08/2022**

---

പരാമർശം: 1. സ.ഉ.(അ) നം. 179/2016/ധന. തീയതി 10.12.2016.

2. 28.01.2021-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നം. ഫിൻ -ബി 4/121802/2018/എച്ച്.എസ്.ഇ നമ്പർ കത്ത്.

**ഉത്തരവ്**

വിവിധ വകുപ്പുകളിൽ പ്രിസം മുഖേനയുള്ള പെൻഷൻ അപേക്ഷകളുടെ തീർപ്പാക്കലിനായി പെൻഷൻ അനുവദിക്കാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ (Pension Sanctioning Authority) പട്ടിക പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ ടി പട്ടികയിൽ എന്തെങ്കിലും മാറ്റം ആവശ്യമാണെന്ന് കാണുന്ന പക്ഷം ആയത് അതാത് വകുപ്പ് തലവന്മാർ ധനകാര്യ വകുപ്പിനെ അറിയിക്കേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. പരാമർശം (2) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ കത്തിൽ, ഹയർസെക്കൻഡറി വകുപ്പിൽ പ്രിസം മുഖേനയുള്ള പെൻഷൻ അപേക്ഷകളുടെ സുഗമമായ തീർപ്പാക്കലിനായി വിവിധ തസ്തികയിലുള്ള ഉദ്യോഗസ്ഥരെ റിസീവിംഗ് അതോറിറ്റി, പെൻഷൻ സാങ്ഷനിംഗ് അതോറിറ്റി എന്നിങ്ങനെ ചുമതലപ്പെടുത്തി ഉത്തരവ് ഉണ്ടാകണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

**2)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഹയർസെക്കൻഡറി വകുപ്പിൽ പ്രിസം മുഖേനയുള്ള പെൻഷൻ

അപേക്ഷകളുടെ തീർപ്പാക്കലിനായി ചുവടെ ചേർക്കുന്ന രീതിയിൽ വിവിധ തസ്തികയിലുള്ള ഉദ്യോഗസ്ഥരെ റിസീവിംഗ് അതോറിറ്റി, പെൻഷൻ സാങ്ഷനിംഗ് അതോറിറ്റി എന്നിങ്ങനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു:

| ക്രമ നം. | അപേക്ഷകർ | റിസീവിംഗ് അതോറിറ്റി (RA) | പെൻഷൻ സാങ്ഷനിംഗ് അതോറിറ്റി (PSA) |
|---|---|---|---|
| 1 | എല്ലാ പ്രിൻസിപ്പാൾ/ എച്ച്.എസ്.എസ്.ടി / ലാബ് അസിസ്റ്റന്റുമാർ | അതാത് ആർ.ഡി.ഡി തലത്തിലെ അക്കൗണ്ട്സ് ഓഫീസർ | അതാത് ആർ.ഡി.ഡി-മാർ |
| 2 | ഡയറക്ടറേറ്റിലേയും മേഖലാ ഉപഡയറക്ടേറ്റിലേയും മേഖലാ ഉപഡയറക്ടർമാർ ഉൾപ്പെടെയുള്ള മറ്റ് ജീവനക്കാർ | അക്കൗണ്ട്സ് ഓഫീസർ, ഫിനാൻസ് വിഭാഗം, ഹയർസെക്കൻഡറി ഡയറക്ടറേറ്റ്, പൊതുവിദ്യാഭ്യാസ വകുപ്പ് | പൊതു വിദ്യാഭ്യാസ ഡയറക്ടർ |

**(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)**
**ടിങ്കു.എസ്.നെൽസൺ**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

1) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2) അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II), തിരുവനന്തപുരം
3) പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
4) സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റർ (പ്രിസം), വന്ദനം, ഉപ്പളം റോഡ്, സ്റ്റാച്യു, തിരുവനന്തപുരം
5) കരുതൽ ഫയൽ / ഓഫീസ് കോപ്പി (E- 1720920)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ